**മാധ്യമം**

**Dated on 12/11/2024 ,kochi edition**

**Page no :- 11 Column :- 7,8**

# ജില്ല ത്രോബാൾ മത്സരം

**മട്ടാഞ്ചേരി:** ജില്ല സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് ഈ മാസം 16,17 തീയതികളിൽ മട്ടാഞ്ചേരി കുറുവ ഗ്രൗണ്ടിൽ നടക്കും.

സംസ്ഥാന മത്സരത്തിലേക്കുള്ള ജില്ല ടീമിനെയും തെരഞ്ഞെടുക്കും. രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും https://www.throwballkerala.com/ എന്ന വെബ്സൈറ്റിൽ 13 നകം ചെയ്യണം. ഫോൺ : 92070 75619

**ദേശാഭിമാനി**

**Dated on :- 12/11/2024**

**Page No :- 2 Column :- 6**

# ജില്ലാ സീനിയർ ത്രോബോൾ മത്സരം: രജിസ്ട്രേഷൻ നാളെവരെ

**മട്ടാഞ്ചേരി**

ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 16, 17 തീയതികളിൽ മട്ടാഞ്ചേരി കുറുവ ഗ്രൗണ്ടിൽ നടക്കും. രജിസ്ട്രേഷൻ https://www.throwballkerala.com/ എന്ന വെബ്സൈറ്റിൽ ബുധനാഴ്ചയ്ക്കകം ചെയ്യണം. ഫോൺ: 9207075619.

# മാധ്യമം

**Page 2, Column 2**

**kochi edition**

**Date: 18/11/2024**




*ജില്ല സീനിയർ ത്രോബാൾ ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ പുരുഷ, വനിത ടീം അംഗങ്ങൾ ട്രോഫിയുമായി*

## ജില്ല ത്രോബാൾ മത്സരം: ശ്രീ ഗുജറാത്തി അക്കാദമിയും യാഖാ സ്പോർട്സും ചാമ്പ്യൻമാർ

**മട്ടാഞ്ചേരി:** ജില്ല സീനിയർ ത്രോബാൾ ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗത്തിൽ മട്ടാഞ്ചേരി ശ്രീ ഗുജറാത്തി അക്കാദമി ചാമ്പ്യന്മാരായി. കരിമ്പാടം ഡി.ഡി സഭക്കാണ് രണ്ടാംസ്ഥാനം. കരുവേലിപ്പടി ഫ്രണ്ട്സ് ക്ലബും മട്ടാഞ്ചേരി ശ്രീ ഗുജറാത്തി വിദ്യാലയയും മൂന്നാം സ്ഥാനം പങ്കിട്ടു. വനിതാ വിഭാഗത്തിൽ ഫോർട്ട് കൊച്ചി യാഖാ സ്പോർട്സ് ചാമ്പ്യൻമാരായി. കരിമ്പാടം ഡി.ഡി സഭ രണ്ടും, ആലുവ ഭാരത് മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് കോളജ് മൂന്നും സ്ഥാനക്കാരായി. ഗുജറാത്തി അക്കാദമിയിലെ സുഹൈൽ ഷഹീർ, യാഖാ സ്പോർട്സിലെ രഞ്ജിനി രാധാകൃഷ്ണൻ എന്നിവരെ മികച്ച കളിക്കാരായി തിരഞ്ഞെടുത്തു. ത്രോബാൾ ഫെഡറേഷൻ ഓഫ് ഇന്ത്യ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം കെ.എം. ഷാഹുൽ ഹമീദ് സമ്മാനദാനം നിർവഹിച്ചു. ജില്ല വൈസ് പ്രസിഡന്റ് എം.എച്ച്. ബിജു അധ്യക്ഷത വഹിച്ചു. കെ.എസ്. മിഥുൻ രാജ്, സൽമാൻ ഫാരിസ്, അരവിന്ദ് ബാബു എന്നിവർ സംസാരിച്ചു.

# മലയാള മനോരമ

**Page no - 2,Column - 7**
**kochi edition**
**Date:17/11/2024**



മട്ടാഞ്ചേരിയിൽ നടന്ന ജില്ലാ സീനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ വനിതാ വിഭാഗത്തിൽ വിജയികളായ ഫോർട്ട്കൊച്ചി യാഖാ സ്പോർട്സ് ടീം.



മട്ടാഞ്ചേരിയിൽ നടന്ന ജില്ലാ സീനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ പുരുഷ വിഭാഗത്തിൽ വിജയികളായ ഗുജറാത്തി അക്കാദമി ടീം.

## സീനിയർ ത്രോബോൾ ചാംപ്യൻഷിപ്: ഗുജറാത്തി അക്കാദമിയും യാഖാ സ്പോർട്സും വിജയികൾ

മട്ടാഞ്ചേരി● ജില്ലാ സീനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ പുരുഷ വിഭാഗത്തിൽ കരിമ്പാടം ഡിഡി സഭയെ പരാജയപ്പെടുത്തി ഗുജറാത്തി അക്കാദമി വിജയികളായി. വനിതാ വിഭാഗത്തിൽ കരിമ്പാടം ഡിഡി സഭയെ പരാജയപ്പെടുത്തി ഫോർട്ട്കൊച്ചി യാഖാ സ്പോർട്സ് വിജയികളായി. ത്രോബോൾ ഫെഡറേഷൻ ഓഫ് ഇന്ത്യ എക്സി. കമ്മിറ്റി അംഗം കെ.എം.ഷാഹുൽ ഹമീദ് ട്രോഫികളും മെഡലുകളും വിതരണം ചെയ്തു. ജില്ലാ ത്രോബോൾ അസോസിയേഷൻ വൈസ് പ്രസിഡന്റ് എച്ച്.എം.ബിജു അധ്യക്ഷത വഹിച്ചു. കെ.എസ്.മിഥുൻ രാജ്, സൽമാൻ ഫാരിസ്, അരവിന്ദ് ബാബു എന്നിവർ പ്രസംഗിച്ചു.